# കേരളസർവകലാശാല

നം.പി.ആർ.254/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2021
### സ്പോട്ട് അഡ്മിഷൻ ഡിസംബർ 9 – ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ, കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 9 ന് നടത്തുന്നു.

ഭിന്നശേഷി (Differently Abled) വിഭാഗത്തിലുള്ള വിദ്യാർത്ഥികളുകളുടെ ഒഴിവുള്ള സീറ്റുകളുടെ അഡ്മിഷൻ അന്നേ ദിവസം നടത്തുന്നതാണ്. അവരുടെ അഭാവത്തിൽ ആ സീറ്റുകൾ ജനറൽ സീറ്റായി പരിഗണിച്ച് അഡ്മിഷൻ നടത്തുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ട് വരേണ്ടതാണ്.

രാവിലെ 8.00 മണി മുതൽ 10.00 മണിവരെ സ്പോട്ട് അഡ്മിഷനായുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്. 10.00 മണിക്ക് ശേഷം വരുന്നവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശദവിവരങ്ങൾക്ക് (http://admissions.keralauniversity.ac.in) അഡ്മിഷൻ വെബ്സൈറ്റ് കാണുക. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എൽ. ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 17 വരെ അപേക്ഷിക്കാവുന്നതാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (2014 സ്കീം – മേഴ്സി ആന്റ് സപ്ലിമെന്ററി – 2018 സ്കീം – സപ്ലിമെന്ററി, ഫുൾടൈം/ യു.ഐ.എം. ട്രാവൽ ആന്റ് ടൂറിസം/ ഈവനിംഗ് – റെഗുലർ, സെമസ്റ്റർ ഒന്നാം സെമസ്റ്റർ സെപ്റ്റംബർ 2021, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് സെമസ്റ്റർ ഏപ്രിൽ 2021 ഇന്റഗ്രേറ്റഡ് എം.ബി.എ. എന്നീ പരീക്ഷകൾ കോവിഡ്–19 കാരണം എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ പേര്, കാൻഡിഡേറ്റ് കോഡ്, എക്സാം കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ സാക്ഷ്യപത്രം (അസ്സൽ രേഖകൾ)

സഹിതം 2021 ഡിസംബർ 16 നകം അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. ഫെബ്രുവരി 2021 – 2013 സ്കീം പ്രാക്ടിക്കൽ പരീക്ഷകൾ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 13607 ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ലാബ്, 13608– കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ ആന്റ് ഡ്രാഫ്റ്റിംഗ് ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 10 ന് തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിൽ വച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ബി.ടെക്. അഞ്ചാം സെമസ്റ്റർ ഫെബ്രുവരി 2021 (2013 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ പ്രാക്ടിക്കൽ പരീക്ഷകളായ 813.507 – പ്രാക്ടിക്കൽ സർവ്വേയിംഗ് II, 13.508 – കോൺക്രീറ്റ് ലാബും ഡിസംബർ 10 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ് – പുതുക്കിയ തീയതി

കേരളസർവകലാശാല വിദൂരവിദ്യഭ്യാസകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം. (2019 അഡ്മിഷൻ – റെഗുലർ, 2017, 2018 അഡ്മിഷൻ – സപ്ലിമെന്ററി) ഡിസംബർ 2021 പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 16 വരെയും 150 രൂപ പിഴയോടെ 20 വരെയും 400 രൂപ പിഴയോടെ 22 വരെയും ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷാത്തീയതി പിന്നീട് അറിയിക്കുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല പഠനവകുപ്പിൽ എം.കോം. ബ്ലൂ ഇക്കോണമി ആന്റ് മാരിടൈം ലോ, എം.എസ്‌സി. അപ്ലൈഡ് സൈക്കോളജി എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 8 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ ഇക്കണോമിക്സ് പഠനവകുപ്പിൽ എം.എ. ഇക്കാണോമിക്സ് പ്രോഗ്രാമിന് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി, എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഡിസംബർ 8 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
07.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity
website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675